**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3668** **02-03-2023 - ൽ മറുപടിയ്ക്ക്**

**കോവിഡ് കാലത്ത് പാറശ്ശാല നിയോജകമണ്ഡലത്തിൽ നിർത്തലാക്കിയ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | 2019 കോവിഡ് കാലത്ത് പാറശ്ശാല നിയോജകമണ്ഡലത്തിൽ സർവീസ് നടത്തിയിരുന്ന എത്ര കെ.എസ്.ആർ.ടി.സി. ബസ് സർവീസുകളാണ് നിർത്തലാക്കിയതെന്ന വിവരം ഡിപ്പോ റൂട്ട് തിരിച്ച് നൽകുമോ; | (എ) | **2019 കോവിഡ് കാലത്ത് പാറശ്ശാല നിയോജക മണ്ഡലത്തിൽ സർവീസ് നടത്തിയിരുന്ന 19 കെ.എസ്.ആർ.ടി.സി. ബസ് സർവീസുകളാണ് നിന്നുപോയത്.**<br><br>**പാറശ്ശാല യൂണിറ്റ് - 11 എണ്ണം**<br><br>**1. 06.10 കളിയിക്കാവിള – നെടുമങ്ങാട്**<br><br>**2. 06.00 പാറശ്ശാല – മുള്ളുക്കാട് – മെഡിക്കൽകോളേജ്**<br><br>**3. 05.30 കളിയിക്കാവിള – പാങ്ങോട്ടുകോണം – തിരുവനന്തപുരം**<br><br>**4. 05.40 കളിയിക്കാവിള – പുതുക്കുളം – തിരുവനന്തപുരം**<br><br>**5. 05.40 പാറശ്ശാല – നരിക്കുഴി – തിരുവനന്തപുരം**<br><br>**6. 05.00 പാറശ്ശാല – കൊല്ലംകോട് – മെഡിക്കൽകോളേജ്**<br><br>**7. 04.20 ചെങ്കവിള – തിരുവനന്തപുരം**<br><br>**8. 06.00 കളിയിക്കാവിള – മൂവോട്ടുകോണം – മെഡിക്കൽകോളേജ്**<br><br>**9. 09.00 കളിയിക്കാവിള – കൈമങ്കാല – കാട്ടാക്കട**<br><br>**10. 05.10 പാറശ്ശാല – കൊല്ലംകോട് – കളത്തൂർ എച്ച്.എസ് - തിരുവനന്തപുരം**<br><br>**11. 08.00 കളിയിക്കാവിള – നെടുമങ്ങാട്**<br><br>**കാട്ടാക്കട യൂണിറ്റ് - 6**<br><br>**1. 06.00 പന്ത – കൂട്ടപ്പ** |

| | | | |
|---|---|---|---|
| | | | **2. 05.50 വാഴിച്ചൽ - കുട്ടപ്പു**<br><br>**3. 07.00 മണിക്കാല – വാഴിച്ചൽ**<br><br>**4. 07.05 ആറ്റൂർ - വാഴിച്ചൽ**<br><br>**5. 06.00 കൊടയാൽ - കളിയിക്കാവിള**<br><br>**6. 08.30വാളിക്കോട്- വാഴിച്ചൽ**<br><br>**<u>വെള്ളറട യൂണിറ്റ് – 1</u>**<br><br>**1. കാസാറോഡ് – കാട്ടാക്കട – വെള്ളറട**<br><br>**<u>പൂവാർ യൂണിറ്റ് – 1</u>**<br><br>**പൂവാർ - കുളത്തൂർ - തിരുവനന്തപുരം.** |
| (ബി) | ഇതിൽ എത്ര സർവീസുകൾ പുനരാരംഭിച്ചിട്ടുണ്ടെന്നും പുനരാരംഭിക്കാനുള്ളവ എത്രയാണെന്നുമുള്ള വിശദാംശം ഡിപ്പോ റൂട്ട് തിരിച്ചു നൽകുമോ; | (ബി) | ഏഴ് സർവ്വീസുകൾ ഇതിനോടകം പുനരാരംഭിച്ചിട്ടുണ്ട്. കൂടാതെ MTW ഡ്യൂട്ടി പാറ്റേൺ നടപ്പിലാക്കിയതുവഴി നിന്നുപോയ സർവ്വീസുകളിൽ കോർപ്പറേഷനും പൊതുജനങ്ങൾക്കും ഗുണകരമായ ട്രിപ്പുകൾ നിലവിലുള്ള സർവ്വീസുകളിൽ ഉൾപ്പെടുത്തി ക്രമീകരിച്ചിട്ടുണ്ട്.<br><br>യാത്രാവശ്യം വർദ്ധിക്കുന്നതിനനുസരിച്ച് കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | സർവീസുകൾ നിർത്തലാക്കിയതിനാൽ പൊതുജനത്തിന് ഉണ്ടാകുന്ന യാത്രാക്ലേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിനുള്ള നടപടികളുടെ വിശദാംശങ്ങൾ അറിയിക്കുമോ; | (സി) | MTW ഡ്യൂട്ടി പാറ്റേൺ നടപ്പിലാക്കിയതുവഴി മിക്കവാറും എല്ലാ റൂട്ടുകളിലും സർവ്വീസ് നടത്തി ട്രിപ്പുകൾ ക്രമീകരിച്ച് യാത്രാക്ലേശം പരിഹരിച്ചിട്ടുണ്ട്. കൊല്ലയിൽ കുന്നത്തുകാൽ എന്നീ പഞ്ചായത്തുകളുമായി സഹകരിച്ച് ഓരോ ഗ്രാമവണ്ടി വീതം സർവ്വീസ് നടത്തി വരുന്ന മാതൃകയിൽ ചെലവ് പങ്ക് വച്ച് കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ഡി) | വെള്ളറട, കാട്ടാക്കട എന്നീ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ നിന്നും സർവ്വീസ് നടത്തിയിരുന്ന എത്ര അന്തർസംസ്ഥാന ബസ് സർവ്വീസുകൾ ഇക്കാലയളവിൽ നിർത്തലാക്കിയിട്ടുണ്ട്; വിശദാംശം നൽകാമോ; | (ഡി) | വെള്ളറട, കാട്ടാക്കട എന്നീ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ നിന്നും അന്തർസംസ്ഥാന സർവ്വീസുകൾ നടത്തിയിരുന്നില്ല. |
| (ഇ) | നിർത്തലാക്കിയതിൽ എത്ര അന്തർസംസ്ഥാന സർവ്വീസുകൾ പുനരാരംഭിച്ചിട്ടുണ്ടെന്നും പുനരാരംഭിക്കാനുള്ളവ എത്രയെന്നുമുള്ള വിശദാംശം അറിയിക്കുമോ; നിർത്തലാക്കിയ അന്തർസംസ്ഥാന സർവ്വീസുകൾ പുനരാരംഭിക്കുവാൻ കഴിയുമോയെന്ന് അറിയിക്കുമോ? | (ഇ) | വെള്ളറട, കാട്ടാക്കട എന്നീ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ നിന്നും അന്തർസംസ്ഥാന സർവ്വീസുകൾ നടത്തിയിരുന്നില്ല. |

സെക്ഷൻ ഓഫീസർ